# മത്തി കടലൊഴിഞ്ഞപ്പോൾ അയല പുതിയൊരിനം കൂടി

**കൊച്ചി:** സാധാരണക്കാരുടെ മത്സ്യമായ മത്തി (ചാള) കാണാൻ കൂടി കിട്ടുന്നില്ലെന്ന അവസ്ഥയായപ്പോൾ കേരളത്തിന്റെ മത്സ്യ സമ്പത്തിലേക്ക് പുതിയൊരു അതിഥി എത്തിയതായി കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രം.

അയലപ്പാരയുമായി (കൊഴിച്ചാള) സാമ്യമുള്ള കറുത്ത പുള്ളികളും ഉരുണ്ട ആകൃതിയുമുള്ള പുതിയ മീനിനം കേരള തീരങ്ങളിൽ സുലഭമായിക്കഴിഞ്ഞെന്നാണ് കണ്ടെത്തൽ.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്ര സംഘത്തിന്റെ പഠനത്തിലാണ് അയല വിഭാഗത്തിൽപ്പെട്ട മീൻ വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നത് കണ്ടെത്തിയത്.

ഈ മീനിന് 'സ്കോമ്പർ ഇൻഡിക്കസ്' എന്ന് ശാസ്ത്ര നാമവും 'ഇന്ത്യൻ ചബ് മാക്കറൽ' എന്ന് ഇംഗ്ലീഷ് പൊതു നാമവും നൽകി. മത്സ്യത്തൊഴിലാളികൾക്കിടയിൽ പുള്ളി അയല, പുള്ളിത്തിരിയാൻ എന്നിങ്ങനെയാണ് ഈ മീനിന്റെ പ്രാദേശിക പേരുകൾ.



തീരത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന
പുതിയ മത്സ്യം - പുള്ളി അയല

കഴിഞ്ഞ വർഷം ഗുജറാത്ത് തീരത്താണ് പുള്ളി അയല ആദ്യം പ്രത്യക്ഷപ്പെട്ടത്. തുടർന്ന് തീരത്ത് കന്യാകുമാരി വരെ ഇവയെ കണ്ടെത്തുകയുണ്ടായി. 2015-ൽ കേരള തീരത്ത് ഈ മീൻ ആകെ 10 ടൺ ലഭിച്ചപ്പോൾ ഈ വർഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം ഏകദേശം 25 ടൺ വരെ ലഭിച്ചിട്ടുണ്ട്.

9 മുതൽ 21 സെന്റി മീറ്റർ വരെ വലിപ്പത്തിലുള്ള പ്രായപൂർത്തിയാകാത്ത മീനുകളെയാണ് ഈ വർഷം കേരള തീരങ്ങളിൽ നിന്ന് പിടിച്ചത്. എറണാകുളം, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം, കോഴിക്കോട് തീരങ്ങളിലാണ് ഈ മീൻ കൂടുതലും ലഭിച്ചത്.

മൃദുലമായ മാംസമാണ് ഈ മീനിന്. ഏറെക്കുറെ അയലയുടേതിന് സമാനമായ സ്വാദാണെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു.

ഈ മീൻ വരും വർഷങ്ങളിൽ കേരളത്തിന്റെ മത്സ്യ സമ്പത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കഴിഞ്ഞ വർഷം അമ്മ മീനുകളെ ലഭിച്ചപ്പോൾ ഈ വർഷം ജൂലായ് മുതൽ ഇവയുടെ കുഞ്ഞുങ്ങളെയാണ് കൂടുതലും ലഭിക്കുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇവ കേരള തീരങ്ങളിൽ പ്രജനനം നടത്തിയതായാണ് ഇതിൽ നിന്ന് മനസ്സിലാകുന്നതെന്നും അദ്ദേഹം പറഞ്ഞു.